കരം അടക്കം പതിന്നാലു ഭാഷകളിൽ പതിനായിരത്തോളം പുസ്തകങ്ങൾ എഴുതിയിട്ടുണ്ടത്രേ.

എന്നിട്ടും, കൊങ്കണിഭാഷയിലും സാഹിത്യത്തിലും ഒരു നവോത്ഥാനമുണ്ടായതു താരതമ്യേന അടുത്തകാലത്തുമാത്രമാണ്. 1939–ൽ കർണാടകത്തിലെ കാർവാറിൽ ചേർന്ന അഖിലേന്ത്യാ കൊങ്കണി പരിഷത്തിന്റെ പ്രഥമസമ്മേളനം കൊങ്കണിഭാഷയുടെ ആധുനിക ചരിത്രത്തിൽ ഒരു നാഴികക്കല്ലായി പരിഗണിക്കപ്പെടുന്നു. 1944–ൽ ഒരു കൊങ്കണി സാഹിത്യസമിതി ബോംബെയിൽ സ്ഥാപിക്കപ്പെട്ടു. 1974–ൽ മംഗലാപുരത്ത് ഒരു കൊങ്കണി ഭാഷാമണ്ഡലം നിലവിൽവന്നു. 1966–ൽ കൊച്ചിയിൽ സ്ഥാപിക്കപ്പെട്ട കൊങ്കണി ഭാഷാപ്രചാരസഭയും കൊങ്കണിയുടെ നവോത്ഥാനത്തിനു ഗണ്യമായ സംഭാവന നൽകിയിട്ടുണ്ട്. കേരളീയരായ ശ്രീ പുരുഷോത്തമ മല്ലയ്യ, ശ്രീ ആർ. കെ. റാവു എന്നിവർ കൊങ്കണിഭാഷയ്ക്കും സാഹിത്യത്തിനും ചെയ്തുവരുന്ന സേവനങ്ങൾ പ്രത്യേകം സ്മരിക്കപ്പെടേണ്ടതാണ്. 1945 മുതൽ കൊങ്കണി ഭാഷയിലൂടെ വാർത്തകളും മററു പരിപാടികളും ആകാശവാണി പ്രക്ഷേപണം ചെയ്തുവരുന്നുണ്ട്.

ഇന്ത്യയുടെ രാഷ്ട്രീയസ്വാതന്ത്ര്യം അർത്ഥവത്താകുന്നതു വിശാലമായ ഈ ഭൂഖണ്ഡത്തിലെ വ്യത്യസ്ത ജനവിഭാഗങ്ങളുടെ സാംസ്കാരിക വികസനത്തിലൂടെയാണ്. അടിച്ചമർത്തപ്പെടുമ്പോൾ ഭാഷ വിഘടനത്തിലേക്കു നയിക്കുന്ന ഏററവും വലിയ ശക്തിയായി മാറുന്നു. മറിച്ച്, അർഹമായ പ്രോത്സാഹനം പര്യാപ്തമായ തോതിൽ ലഭിക്കുന്ന മാതൃഭാഷ സാധാരണജനങ്ങളുടെ നിത്യജീവിതത്തെ സംസ്കാരഭാസുരമാക്കിത്തീർക്കുന്നു. ഗോവയിലെ ഭരണഭാഷയെന്ന നിലയിൽ കൊങ്കണിഭാഷ ത്വരിതവികസനം നേടുമെന്നു നമുക്ക് ആശിക്കാം. കേരളത്തിൽ ഗണനീയമായ ഒരു ജനവിഭാഗത്തിന്റെ മാതൃഭാഷയാണ് കൊങ്കണി. ആ നിലയിൽ കൊങ്കണിയുടെ വികസനത്തിൽ എല്ലാ കേരളീയർക്കും ഉദ്ബുദ്ധമായ താല്പര്യം ഉണ്ടായിരിക്കേണ്ടതാണ്.

(8 ജൂലൈ, 1986)

# 44. സാമുദായികലഹളകൾ

മതം, ജാതി, ഭാഷ, പ്രദേശം എന്നിവയെ അടിസ്ഥാനമാക്കി ജനങ്ങൾ ചേരിതിരിഞ്ഞ്, കൂട്ടംചേർന്ന് പരസ്പരം ആക്രമിക്കുന്ന പ്രതിഭാസത്തെയാണു സാമുദായികലഹള (കമ്യൂണൽ റയട്ട്) എന്നു വിളിക്കുന്നതു്.

വിസ്തൃതവും, അതിനാൽത്തന്നെ വ്യത്യസ്ത പ്രദേശങ്ങൾ (റീജിയൺ) അടങ്ങിയതുമായ ഇന്ത്യയിൽ പല മതങ്ങളിൽ വിശ്വസിക്കുന്നവരും പല ജാതികളിൽ പിറന്നവരും പല ഭാഷകൾ സംസാരിക്കുന്നവരുമായ എത്രയോ ജനവിഭാഗങ്ങൾ പുലരുന്നു. സംസ്കാരത്തിന്റെ പല തലങ്ങളിൽ നിലകൊള്ളുന്ന ഈ ജനവിഭാഗങ്ങൾ തമ്മിൽ പലപ്പോഴും നിസ്സാരങ്ങളും മിക്കപ്പോഴും വൈകാരികങ്ങളുമായ കാരണങ്ങളെച്ചൊല്ലി ലഹളകൾ നടക്കുന്നു. വൻതോതിൽ സാമ്പത്തികനഷ്ടം ഉണ്ടാവുന്നതിനുപുറമെ, ജനങ്ങളുടെ സാംസ്കാരികവും സാമൂഹ്യവും ധനപരവുമായ ഉന്നതിക്കു ചെലവഴിക്കേണ്ട എത്രയോ അധികം മനുഷ്യശക്തി ഈ ലഹളകളുടെ ഫലമായി രാജ്യത്തിനു നഷ്ടപ്പെടുകയുംചെയ്യുന്നു. വളരെയേറെ പ്രകൃതിവിഭവങ്ങളും, അഭ്യസ്തവിദ്യരായ ധാരാളം ജനങ്ങ

ളം, വികസനത്തിനുള്ള എല്ലാ സാഹചര്യങ്ങളം ഉണ്ടായിരുന്നിട്ടം, സ്വാതന്ത്ര്യത്തിൻെറ മുപ്പത്തൊമ്പതു വർഷങ്ങൾക്കുശേഷവും, ഇന്ത്യ പരമ ദരിദ്രമായ ഒരു രാഷ്ട്രമായി തുടരുന്നുവെങ്കിൽ അതിനുള്ള കാരണങ്ങളിൽ അഗ്രിമസ്ഥാനം നൽകേണ്ടതു് ഈ രാജ്യത്തിലെ സാമുദായികകലഹങ്ങൾക്കാണു്. ഏകാഗ്രമായ രാഷ്ട്രബോധം ഇന്ത്യയിൽ ഉരുത്തിരിയാത്തതിൻെറ കാരണം നമ്മുടെ സാമുദായികമനോഭാവമത്രേ.

ഇന്ത്യയെക്കാളേറെ ഭൂവിസ്തൃതിയും ഇന്ത്യയിലുള്ളത്ര മത–ജാതി ഭാഷാ–പ്രാദേശികഭേദങ്ങളം പുലരുന്ന വേറെയും ചില രാജ്യങ്ങളുണ്ടു്. എന്നാൽ, ഇന്ത്യയിലെപ്പോലെ സാമുദായികകലഹങ്ങൾ ഈ രാജ്യങ്ങളിലുണ്ടാവുന്നില്ല. ശോചനീയമായ ഈ വസ്തുതയുടെ കാരണങ്ങൾ തിരയേണ്ടതു നമ്മുടെ ചരിത്രത്തിലാകുന്നു.

'ഭിന്നിപ്പിച്ചു ഭരിക്കുക' എന്നതായിരുന്നു ഇന്ത്യയിൽ ബ്രിട്ടീഷ് ഗവൺമെൻറിൻെറ അടിസ്ഥാനനയം. ഇന്ത്യയിലെ മുഖ്യ മതവിഭാഗങ്ങളായ ഹിന്ദുക്കളേയും മുസ്ലിങ്ങളേയും പരസ്പരം അകററുന്നതിനു കിട്ടിയ അവസരമൊന്നും ബ്രിട്ടീഷ് ഗവൺമെൻറ് പാഴാക്കുകയുണ്ടായിട്ടില്ല. ഹിന്ദുക്കൾക്കിടയിൽത്തന്നെ സവർണരും അവർണരും തമ്മിലുള്ള മാത്സര്യങ്ങൾ മൂർച്ഛിപ്പിക്കുന്നതിനും ബ്രിട്ടീഷ് സർക്കാർ പരമാവധി ശ്രമിച്ചു വന്നു. മതത്തിലും ആചാരത്തിലും ഇടപെടാതിരിക്കുകയെന്ന പേരിൽ, കാലാനുസൃതങ്ങളായ സാമൂഹ്യപരിഷ്കാരങ്ങൾ തടഞ്ഞുവെച്ചു ജനങ്ങളുടെ പിൻനിലയെ ശാശ്വതീകരിക്കുക എന്നതും ഇന്ത്യയിലെ ബ്രിട്ടീഷ് ഗവൺമെൻറിൻെറ നിക്ഷിപ്തതാല്പര്യമായിരുന്നു. ഇന്ത്യൻ നാട്ടുരാജ്യങ്ങളിൽ ഹിന്ദു–മുസ്ലിം ലഹളകൾ താരതമ്യേന കുറവായിരുന്നപ്പോൾ, ബ്രിട്ടീഷുകാർ നേരിട്ടു ഭരിച്ചിരുന്ന പ്രദേശങ്ങളിൽ അവ വളരെയധികം ഉണ്ടായിക്കൊണ്ടിരുന്നതായി 1930–ൽ എഴുതിയ റിപ്പോർട്ടിൽ സൈമൺ കമ്മീഷൻ പ്രസ്താവിച്ചിട്ടുണ്ടു്.

മതത്തിൻെറ അടിസ്ഥാനത്തിൽ ഇന്ത്യയും പാകിസ്ഥാനുമെന്നു് രാജ്യത്തെ രണ്ടായി വിഭജിച്ചതിനുശേഷവും ഇന്ത്യയിൽ സാമുദായിക ലഹളകൾ കൂടെക്കൂടെ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ടു്. സ്വാതന്ത്ര്യത്തിനു ശേഷം നാം ചെയ്തതു് പഞ്ചായത്തു്–മുനിസിപ്പാലിററി തലത്തിൽ ജനാധിപത്യത്തെ നിരുത്സാഹപ്പെടുത്തുകയും, സ്റ്റേററ്–കേന്ദ്രതലത്തിൽ ഭൂരിപക്ഷ വോട്ടടിസ്ഥാനത്തിലുള്ള ജനപ്രതിനിധിഭരണം നടപ്പിൽ വരുത്തുകയുമാണു്. ജനങ്ങളെ പ്രലോഭിപ്പിച്ചോ, തെററിദ്ധരിപ്പിച്ചോ, ഭീഷണിപ്പെടുത്തിയോ, ഏതു വിധത്തിലായാലും, ഒരിക്കൽ ഭൂരിപക്ഷം വോട്ടു് നേടാൻ കഴിഞ്ഞവനു് പിന്നീടു നിശ്ചിതകാലത്തേക്കു് അനിയന്ത്രിതമായ അധികാരം കൈയാളാൻ നമ്മുടെ ജനപ്രതിനിധിഭരണ വ്യവസ്ഥ അവസരം നൽകുന്നു. ഭൂരിപക്ഷം വോട്ടു് കൈവശപ്പെടുത്തുന്നതിവേണ്ടി മതം, ജാതി, ഭാഷ, പ്രാദേശികത മുതലായവയെ നഗ്നമായി ഉപയോഗപ്പെടുത്തുന്നതിൽ, സ്വതന്ത്രഭാരതത്തിലെ പ്രമുഖ രാഷ്ട്രീയപാർട്ടിയായിരുന്ന കോൺഗ്രസ്സിനോ, അതിൻെറ പല പിളർപ്പുകൾക്കോ, എതിർപാർട്ടികൾക്കോ യാതൊരു സങ്കോചവും ഒരിക്കലും അനുഭവപ്പെട്ടിട്ടില്ല. പാർട്ടികളുടെ രാഷ്ട്രീയപരിപാടികളും പ്രകടനപത്രികകളും പിന്നെപ്പിന്നെ തികച്ചും അപ്രസക്തങ്ങളായിത്തീർന്നു. മത–ജാതി–ഭാഷ പ്രാദേശികതകൾ മാത്രമായിത്തീർന്നു തെരഞ്ഞെടുപ്പിലെ പ്രശ്നങ്ങൾ. തെരഞ്ഞെടുപ്പിൽനിന്നു് ഈ പരിഗണനകൾ ഭരണയന്ത്രത്തിലേക്കും, അവിടെനിന്നു ജനജീവിതത്തിൻെറ എല്ലാ മണ്ഡലങ്ങളിലേക്കും വ്യാപിച്ചു. ഇന്ത്യയിലെ ജനങ്ങളുടെ വിചാരമേഖലയെ ഇപ്പോൾ അടക്കി വാഴുന്നതു് മത–ജാതി–ഭാഷാ–പ്രാദേശിക–പരിഗണനകളാണെന്നു പറയുന്നതു് അതിശയോക്തിയായിരിക്കുകയില്ല.

ഇന്ത്യയിലെ സാമുദായികകലാപങ്ങളിൽ, സ്വാതന്ത്ര്യലാഭത്തിനു ശേഷം അടിസ്ഥാനപരമായ ഒരു മാററം സംഭവിച്ചിട്ടുള്ളതായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. അടിമഭാരതത്തിലെ സാമുദായികകലാപങ്ങൾ മിക്കപ്പോഴും ആകസ്മികങ്ങളായിരുന്നു; ആസൂത്രിതങ്ങളല്ലായിരുന്നു. ക്ഷേത്രപരിസരങ്ങളിൽ നടക്കുന്ന ഗോഹത്യ, പള്ളിയുടെ മുമ്പിലൂടെ വാദ്യഘോഷങ്ങളോടെ പോകുന്ന ഘോഷയാത്ര മുതലായവയാണു മുമ്പ് സാമുദായികലഹളകളുടെ കരിന്തിരി കത്തിക്കാറുണ്ടായിരുന്നത്. പോലീസ് ഇടപെട്ട് ഇവയെ വളരെ വേഗം ഒതുക്കുകയും പതിവായിരുന്നു. ഇപ്പോഴിപ്പോൾ സാമുദായികകലാപങ്ങൾ കൂടുതൽ ആസൂത്രിതങ്ങളായിത്തീർന്നിട്ടുണ്ട്. രാജ്യവ്യാപകങ്ങളായ ഗൂഢാലോചനകളുടെ സ്വഭാവം അവയ്ക്കു കൈവന്നിരിക്കുന്നു. സാമുദായികകലാപങ്ങൾ ആഭ്യന്തരയുദ്ധങ്ങളായി വളർന്നുവരുന്ന പ്രവണതയും, പഞ്ചാബിലും മററും നാം കാണുന്നുണ്ട്. ഒരിക്കൽ തുടങ്ങിയ ലഹളയുടെ തീക്കനലുകൾ വളരെ കാലത്തോളം കെട്ടടങ്ങാതെ, പുകഞ്ഞു നീറിക്കിടക്കുന്നു.

1964 മുതൽ 1972 വരെയുള്ള എട്ടു വർഷങ്ങളിൽ ഇന്ത്യയിലെ സാമുദായികലഹളകളുടെ സംഖ്യയിലും തീവ്രതയിലും വർദ്ധന ഉണ്ടായതായി ദേശീയ പോലീസ് കമ്മീഷൻ റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുണ്ട്. 1972 മുതൽ 1977 വരെയുള്ള വർഷങ്ങളിൽ സാമുദായികലഹളകൾ കുറഞ്ഞുവന്നു. 1977–ൽ ഇന്ത്യയിലാകെ നൂറെറൺപത്തെട്ടു സാമുദായികലഹളകൾ ഉണ്ടായി. 1978–ൽ ഇരുനൂററിമുപ്പതും 1979–ൽ മുന്നൂററിനാലും സാമുദായികലഹളകളാണു രേഖപ്പെടുത്തിയിട്ടുള്ളത്.

1984–ൽ നാനൂറെറഴുപത്താറു സാമുദായികലഹളകൾ നടന്നു. 1985–ൽ സാമുദായികലഹളകളുടെ എണ്ണം അഞ്ഞൂററിയിരുപത്തഞ്ചായി വർദ്ധിച്ചു; ഇവയിൽ പതിനെട്ടു ലഹളകൾ വളരെ ഗൗരവമുള്ളവയായിരുന്നു. ഈ വിവരങ്ങളിൽനിന്ന് 1977–നുശേഷം സാമുദായികലഹളകൾ ഇന്ത്യയിൽ ആണ്ടുതോറും വർദ്ധിച്ചുവരികയാണെന്നു കാണാം. നിലവിലുള്ള സാമുദായികസംഘർഷത്തിൻെറ അന്തരീക്ഷത്തെ കണക്കിലെടുക്കുമ്പോൾ, 1986–ൽ കൂടുതൽ സാമുദായികകലാപങ്ങൾ ഉണ്ടായാൽ അതിൽ അത്ഭുതത്തിനവകാശമില്ല. മതത്തിൻെറ അടിസ്ഥാനത്തിൽ ഹിന്ദുക്കളും സിഖുകാരും തമ്മിൽ ആക്രമണപ്രത്യാക്രമണങ്ങൾ പഞ്ചാബിൽ നടന്നുകൊണ്ടിരിക്കുന്നു. ഇവ പഞ്ചാബിൽ മാത്രമായി ഒതുങ്ങി നിൽക്കുമോ എന്നു കണ്ടറിയണം. രാമജന്മഭൂമി എന്ന ബാബറി മസ്ജിദിൻെറ ഉടമസ്ഥത സംബന്ധിച്ച തർക്കം ഉത്തരപ്രദേശിലാകെ ഹിന്ദുക്കളും മുസ്ളിങ്ങളും തമ്മിൽ വ്യാപകമായ സംഘർഷം സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ജാതിയുടെ അടിസ്ഥാനത്തിൽ, ഹിന്ദുക്കൾക്കിടയിലെ സവർണരും അവർണരും തമ്മിൽ ഗുജറാത്തിൽ നടന്ന കലാപത്തിൻെറ കാരണം ഇല്ലാതായിക്കഴിഞ്ഞിട്ടില്ല. വ്യത്യസ്ത ഭാഷക്കാർ തമ്മിലുള്ള കലാപങ്ങൾ കർണാടകസംസ്ഥാനത്തിലെ ബൽഗാമിലും, അസമിലും ബംഗാളിൽ ഡാർജിലിങ്ങിലും പുകഞ്ഞും കത്തിയും തുടർന്നുവരികയാണ്. ഇതൊക്കെയായാലും മത–ജാതി ഭാഷാ–പ്രാദേശികാടിസ്ഥാനത്തിലുള്ള രാഷ്ട്രീയച്ചതുരംഗക്കളി തുടർന്നുപോകുന്നതിലാണ് നമ്മുടെ രാഷ്ട്രീയപാർട്ടികൾക്ക്—എല്ലാ പാർട്ടികൾക്കും—ശ്രദ്ധ. കണ്ടാലും കൊണ്ടാലും അറിയാത്ത ഒരു വർഗമായിപ്പോയിരിക്കുന്നു ഇന്ത്യൻ ജനത!

സാമുദായികലഹളകൾ ഭരണതലത്തിൽ ഒരു നിയമസമാധാനപ്രശ്നമായാണു കണക്കാക്കപ്പെടുന്നത്. അതിനാൽ അവയെ മുളയിൽത്തന്നെ നുള്ളിക്കളയേണ്ടതും, അവ പടർന്നുപിടിക്കാതെ നോക്കേണ്ടതും പോലീസ്സിൻെറ ചുമതലയാകുന്നു. പോലീസുകാർക്കു നിയന്ത്രണമില്ലാ

ത്ത പരിതഃസ്ഥിതികളിലാണ് സാമുദായികലഹളകരം പൊട്ടിപ്പുറപ്പെടുന്നതു്. പക്ഷേ, ലഹള ആരംഭിച്ചാലുടൻ പോലീസ് ഇടപെടുകയും, ധനനഷ്ടവും ജീവനഷ്ടവും വ്യാപകമാകുന്നതിനുമുമ്പ ലഹളയ്ക്കു നേതൃത്വം നൽകുന്നവരെ വേണ്ടവിധത്തിൽ കൈകാര്യംചെയ്യുകയും വേണം.

സാമുദായികലഹളസമയത്തുള്ള പോലീസ്സിൻെറ പെരുമാററവും സാധാരണസമയങ്ങളിലെ പോലീസ്സിൻെറ പെരുമാററവും തമ്മിൽ അടിസ്ഥാനപരമായ വ്യത്യാസം ഉണ്ടായിരിക്കണം. സാധാരണസമയങ്ങളിൽ അങ്ങേ അററത്തെ നിയന്ത്രണത്തോടുകൂടി മാത്രമേ പോലീസ് ബലം പ്രയോഗിക്കാവൂ. എന്നാൽ, സാമുദായികലഹളകളെ അമർച്ച ചെയ്യാൻ, ആദ്യത്തെ അവസരത്തിൽത്തന്നെ, വെടിവെപ്പ് അടക്കമുള്ള ബലപ്രയോഗം പോലീസ് ചെയ്യുകതന്നെ വേണം. ഇത്തരം സന്ദർഭങ്ങളിൽ ബലംപ്രയോഗിക്കാത്ത പോലീസ് തങ്ങളുടെ കൃത്യനിർവഹണത്തിൽ വീഴ്ച വരുത്തുകയത്രേ ചെയ്യുന്നതു്. ഈ വസ്തുത പോലീസും ജനങ്ങളും, ജനങ്ങളെ നയിക്കാൻ ചുമതലപ്പെട്ട രാഷ്ട്രീയപ്രവർത്തകരും വ്യക്തമായി മനസ്സിലാക്കേണ്ടതുണ്ടു്.

ഏതെങ്കിലും പ്രദേശത്തു സാമുദായികലഹള ഉണ്ടാവാൻ സാധ്യതയുണ്ടെന്നു തോന്നിയാൽ, അവിടെയുള്ള സമൂഹവിരുദ്ധരെ (ആൻറിസോഷ്യൽ) മുഴുവൻ ഉടൻ ലോക്കപ്പിലാക്കുന്നതിൽ പോലീസ് അമാന്തിച്ചുകൂടാ. കാരണം, ഈ സാമൂഹവിരുദ്ധരാണ്, ലഹളയുടെ അന്തരീക്ഷം ഉപയോഗപ്പെടുത്തി, കൊള്ളയും കൊള്ളിവെപ്പും കൊലയും നടത്തുന്നതു്. ലഹളക്കാലത്തു കത്തിക്കുത്തുകരം നടത്തുന്നവരെല്ലാംതന്നെ ഇത്തരം സ്ഥിരം കുററവാളികളാണെന്നു പഠനങ്ങളിൽനിന്നു തെളിഞ്ഞിട്ടുണ്ടു്. താല്ക്കാലികക്ഷോഭത്തിനു വശംവദരായി സാധാരണക്കാർ കത്തിക്കുത്തു നടത്തുകയെന്നതു തുലോം അപൂർവമാണ്.

പക്ഷേ, ലഹളപ്രദേശങ്ങളിലെ ഗുണ്ടകളെ അറസ്റ്റ്ചെയ്യുന്നതിൽ മിക്കപ്പോഴും പോലീസ് ശ്രദ്ധിക്കാറില്ല. പൊതുവെ പോലീസ്സ്റ്റേഷനുകളിലെ ഗുണ്ടപ്പട്ടിക വളരെ പഴഞ്ചനായിരിക്കും. ഗുണ്ടകരംക്കെതിരെ എന്തെങ്കിലും നടപടി എടുക്കാൻ ആലോചിക്കുമ്പോഴേക്കു് താഴേക്കിടയിലുള്ള പോലീസ് ഉദ്യോഗസ്ഥർവഴി, ആ വിവരം ഗുണ്ടകരംക്കു കിട്ടും; അവർ ഒളിവിൽപ്പോവുകയുംചെയ്യും.

മിക്ക ഗുണ്ടകരംക്കും രാഷ്ട്രീയപ്രവർത്തകരുടെ സംരക്ഷണം ലഭിച്ചുവരുന്നുണ്ടെന്നതാണു പരിതാപകരമായ പരമാർത്ഥം. അതിനാൽ, ഗുണ്ടകളെ തൊട്ടുകളിക്കാൻ പോലീസ് ഉദ്യോഗസ്ഥന്മാർ ധൈര്യപ്പെടാതെ പോവുന്നു. രാഷ്ട്രീയക്കാർ ഗുണ്ടകളെ സംരക്ഷിക്കുന്നതിനെതിരെ പല അന്വേഷണക്കമ്മീഷനുകളും പരാതിപ്പെട്ടിട്ടുണ്ടു്. പോലീസിൻെറ സാധാരണചുമതലകളിൽ രാഷ്ട്രീയക്കാർ ഇടംകോലിടുന്നതുകൊണ്ടു്, പോലീസിൻെറ മനോവീര്യം മാത്രമല്ല, കർത്തവ്യബോധവും തകർന്നുപോകുന്നു. ഒരു ജനതയ്ക്കു സംഭവിക്കാവുന്ന ഏററവും വലിയ നിർഭാഗ്യമത്രേ പോലീസ്—ഗുണ്ടാ—രാഷ്ട്രീയ കൂട്ടുകെട്ടു്. ഇന്ത്യയിൽ ഈ കൂട്ടുകെട്ടു വലിയ തോതിൽ നിലവിൽവന്നിരിക്കുന്നു.

ഗുണ്ടകളെ ഇപ്പോരം തൽക്കാലത്തേക്കു് പോലീസ് തടങ്ങലിൽ വെക്കുന്നതു ക്രിമിനൽ നടപടിനിയമത്തിലെ 151-ാം വകുപ്പുപ്രകാരമാണ്. ഈ വകുപ്പ് അനുസരിച്ച് അറസ്റ്റ്ചെയ്ത പുള്ളിയെ ഇരുപത്തിനാലു മണിക്കൂറിലേറെ പോലീസ് കസ്റ്റഡിയിൽ വെച്ചുകൂടാ. ഇത്തരം പുള്ളികളെ, മജിസ്ട്രേട്ടിൻെറ കല്പന കൂടാതെതന്നെ, പതിനഞ്ചു ദിവസംവരെ പോലീസ് കസ്റ്റഡിയിൽ വെക്കാൻ അനുവദിക്കുന്ന വിധത്തിൽ ഈ

വകുപ്പ് ഭേദഗതിചെയ്യണമെന്ന ദേശീയ പോലീസ് കമ്മീഷൻ നിർദേശിച്ചിട്ടുണ്ട്.

സാമുദായികകലാപങ്ങളം പൊട്ടിപ്പുറപ്പെടുംമുമ്പ്, അടിസ്ഥാനരഹിതങ്ങളും ഭീകരങ്ങളുമായ കിംവദന്തികൾ ജനങ്ങൾക്കിടയിൽ പ്രചരിക്കുക പതിവാണ്. അമ്പലത്തിൽവെച്ച് പശുവിനെ അറുത്തുവെന്നോ, പള്ളിയിൽ പന്നിയുടെ തല കാണപ്പെട്ടുവെന്നോ, കൂട്ടബലാത്സംഗം നടന്നുവെന്നോ ഒക്കെ കഥകൾ പ്രചരിക്കുക മാത്രമല്ല, വിശ്വസിക്കപ്പെടുകയുംചെയ്യുന്നു. ഇത്തരം കിംവദന്തികൾക്കെതിരെ ഫലപ്രദമായ പ്രചാരവേല സംഘടിപ്പിക്കുവാൻ ജില്ലാ അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്. സാധ്യമായ സ്ഥലങ്ങളിൽ റേഡിയോ, ടെലിവിഷൻ, വൃത്താന്തപത്രങ്ങൾ എന്നീ മാദ്ധ്യമങ്ങൾ ഉപയോഗിച്ചും, ഇവ ലഭിക്കാത്ത ചുററുപാടിൽ ഉച്ചഭാഷിണി, അച്ചടിച്ച ലഘുലേഖകൾ മുതലായവയിലൂടെയും, കിംവദന്തികളെ നിഷേധിക്കുകയും യാഥാർത്ഥ്യം വെളിപ്പെടുത്തുകയുമെന്നതു് ലഹളകളുടെ തീവ്രത കുറയ്ക്കുന്നതിനു് അനുപേക്ഷണീയങ്ങളായ നടപടികളാണ്.

സാമുദായികലഹളകൾ ഉണ്ടാവുന്ന സ്ഥലങ്ങളിൽ സമാധാനക്കമ്മെററികൾ സ്ഥാപിക്കുകയെന്നതു് ഒരു സ്ഥിരം ഏർപ്പാടായിട്ടുണ്ട്. അംഗങ്ങളെ ശ്രദ്ധാപൂർവം തെരഞ്ഞെടുത്തില്ലെങ്കിൽ സമാധാനക്കമ്മെററികൾ കലാപക്കമ്മെററികളായിക്കൂടെന്നില്ല. 1970—ൽ മഹാരാഷ്ട്രത്തിലെ ഭീവണ്ടിയിലുണ്ടായ സമുദായകലാപത്തിൽ, വ്യത്യസ്ത കലാപനേതാക്കൾക്ക പ്രചാരവേല നടത്താനുള്ള വേദിയായി സമാധാനക്കമ്മെററി മാറിയെന്ന വസ്തുത ഒരു അന്വേഷണക്കമ്മീഷൻ രേഖപ്പെടുത്തിയിട്ടുണ്ട്.

സാമുദായികലഹളക്കാർ പലടത്തും പള്ളികളും ക്ഷേത്രങ്ങളും ഗുരുദ്വാരകളും സന്ന്യാസിമഠങ്ങളും മററു മതസ്ഥാപനങ്ങളും തങ്ങളുടെ ഒളിത്താവളങ്ങളും ആയുധപ്പുരകളുമായി ഉപയോഗപ്പെടുത്താറുണ്ട്. ആവശ്യമെങ്കിൽ ഇത്തരം സ്ഥലങ്ങൾ പോലീസ് പരിശോധിക്കുകതന്നെവേണം. ഇക്കാര്യത്തിൽ ഒളിച്ചുകളി പാടില്ല. അമൃതസരസ്സിലെ സുവർണക്ഷേത്രത്തിൽ യഥാകാലം പോലീസ് കടന്നു പരിശോധന നടത്തിയിരുന്നെങ്കിൽ ഭിന്ദ്രൻവാല എന്ന ഒരു പ്രതിഭാസം ഉണ്ടാകുമായിരുന്നില്ല; പഞ്ചാബിൽ വിഘടനവാദം ശക്തിയാർജിക്കുകയുംചെയ്യുമായിരുന്നില്ല.

തികച്ചും സാമുദായികസ്വഭാവമുള്ള പ്രകടനങ്ങളിൽ—സമ്മേളനങ്ങളിലും ഘോഷയാത്രകളിലും—മന്ത്രിമാർ പങ്കെടുക്കുകയില്ലെന്നു തീരുമാനിക്കണം. ഇതൊരു പെരുമാററച്ചട്ടമാവണം. ഇവയിൽ പങ്കെടുക്കണമെന്നു നിർബന്ധമുള്ളവർ, സർക്കാരിൽനിന്നു ശമ്പളംപററുന്ന ജോലി രാജിവെച്ചശേഷം മാത്രം അങ്ങനെ ചെയ്യട്ടെ. ഇക്കാര്യത്തിൽ അസന്ദിഗ്ധമായ ഒരു നിലപാടെടുക്കാൻ ഇനിയും വൈകിച്ചുകൂടാ.

വരാൻപോകുന്ന കലാപങ്ങളെപ്പററി വിവരം മുൻകൂട്ടി ശേഖരിക്കുന്നതിൽ നമ്മുടെ രഹസ്യപ്പോലീസ് വിഭാഗം പലപ്പോഴും പരാജയപ്പെടുന്നുണ്ട്. വിവരം ലഭിച്ചിട്ടും, ആവശ്യമായ മുൻനടപടികൾ കൈക്കൊള്ളുന്നതിൽ അമാന്തം വരുത്തുന്നതും അപൂർവമല്ല. രഹസ്യപ്പോലീസ് വിഭാഗത്തിൻെറ കാര്യശേഷി വർദ്ധിപ്പിക്കുകയും, യഥാകാലം പ്രതിവിധികൾ കൈക്കൊള്ളുന്നതിൽ വീഴ്ചവരുത്തുന്നവർക്കെതിരെ നടപടികൾ ഉണ്ടാകുമെന്നു് ഉറപ്പുവരുത്തുകയും വേണം.

കലാപാവസരങ്ങളിൽ സാധാരണ ജനങ്ങൾക്കു് പോലീസ്സിൽ വിശ്വാസം നഷ്ടപ്പെടുന്നതു് അസാധാരണമല്ല. ഭീകരപ്രവർത്തകർ വെടിവെച്ചു കൊന്ന പൗരന്മാരുടെ ശവങ്ങളുമായി ജനങ്ങൾ മുട്ടിവിളിച്ചിട്ടും വാതിൽ തുറക്കാത്ത പഞ്ചാബിലെ പോലീസ് സ്റ്റേഷനുകളെപ്പററിയുള്ള റിപ്പോർട്ടുകൾ പത്രങ്ങളിൽ പ്രസിദ്ധീകരിക്കപ്പെടുന്നുണ്ട്. 'ഭീകരപ്രവ

ത്തകരെ പിടിച്ചുകൊണ്ടുവരാതെ, നിങ്ങൾ എന്തിനു ശവങ്ങളുംകൊണ്ടു വന്നു?' എന്ന് ഈ ജനങ്ങളോട് പോലീസ്സുകാർ തട്ടിക്കയറിയതായും റിപ്പോർട്ടുകളുണ്ട്. ഈ റിപ്പോർട്ടുകൾ സത്യമായിക്കൂടെന്നുമില്ല. ഭീവണ്ടിയിലെ സാമുദായികലഹളകളിൽ മോഷ്ടിക്കപ്പെട്ട പണത്തിലും ആഭരണങ്ങളിലും ഒരു ഭാഗം അവിടത്തെ പോലീസ്സുകാരുടെ വീടുകളിൽനിന്നു പിന്നീടു കണ്ടെടുക്കപ്പെടുകയുണ്ടായി. പോലീസ്സേനയുടെ മനോവീര്യവും കർത്തവ്യബോധവും ഉണർത്താൻ നാം കാര്യമായ ശ്രമങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു എന്നതാണ് ഇതിന്റെ പാഠം.

ബ്രിട്ടീഷ് ഭരണകാലത്തു് ഇന്ത്യൻ പോലീസ് താരതമ്യേന നിഷ്പക്ഷമായിരുന്നു. ഇന്ത്യൻ പോലീസ് ഉദ്യോഗസ്ഥന്മാരുടെ നീതിബോധത്തെയും നേതൃത്വക്കഴിവിനെയും സൈമൺ കമ്മീഷൻ (1930) പ്രശംസിച്ചിട്ടുണ്ട്. നിർഭാഗ്യവശാൽ ഇന്നു സ്ഥിതി വളരെ മാറിപ്പോയിരിക്കുന്നു. പിറന്ന ജാതിയോ, വിശ്വസിക്കുന്ന മതമോ, സംസാരിക്കുന്ന ഭാഷയോ എന്തായാലും പോലീസ്സുകാരൻ നിഷ്പക്ഷമായും സഹാനുഭൂതിയോടെയും കൃത്യം നിർവഹിക്കുകയും നീതി നടപ്പിൽ വരുത്തുകയുംചെയ്യുമെന്ന ബോധം ജനങ്ങളിൽ വളർന്നുവരുന്നതിന് ആവശ്യമായതെല്ലാം പോലീസ്വകുപ്പിന്റെ തലവന്മാർ ആസൂത്രണംചെയ്തു നടപ്പിൽവരുത്തണം.

എല്ലാ മതക്കാരോടും ജാതിക്കാരോടും പോലീസ് ഒരുപോലെ നീതി പുലർത്തുമെന്ന് ഉറപ്പുവരുത്തുന്നതിനായി പോലീസ് സേനയിലേക്കുള്ള റിക്രൂട്ട്മെൻറിൽ സാമുദായികസംവരണതത്ത്വം അംഗീകരിക്കണമെന്നു വാദിക്കപ്പെടുന്നുണ്ട്. പോലീസ്സേന ആകെത്തന്നെ ജാതി—മത നിരപേക്ഷമായിരിക്കണമെന്ന ആധാരസിദ്ധാന്തത്തിനെതിരാണ് ഈ സംവരണവാദം. ജാതി—മത അടിസ്ഥാനത്തിൽ പോലീസ് സേനയെ വിഭജിക്കുന്നതിലേക്കായിരിക്കും സംവരണം നയിക്കുക. സമൂഹത്തിൽ, വ്യത്യസ്ത ജനവിഭാഗങ്ങൾ തമ്മിലുള്ള അനുപാതം പോലീസ് സേനയിലും സ്വാഭാവികമായി പ്രതിഫലിക്കേണ്ടതാണെന്നും, പക്ഷേ, സംവരണം കൂടാതെതന്നെ ഈ ലക്ഷ്യം നിറവേററണമെന്നുമാണ് ഇതു സംബന്ധിച്ച ദേശീയ പോലീസ് കമ്മീഷന്റെ നിർദേശം.

മുമ്പു പറഞ്ഞതുപോലെ, പോലീസ് സേനയുടെ നിഷ്പക്ഷതയും കാര്യക്ഷമതയുമാണു സാധാരണപൗരന്റെ ജീവനും സ്വത്തും സുരക്ഷിതമാക്കുന്നതും, സമൂഹത്തിൽ സമാധാനം നിലനിർത്തുന്നതും, പുരോഗതി സാദ്ധ്യമാക്കുന്നതും. ഇന്ത്യയിൽ പോലീസ് സേനയുടെ ഗുണനിലവാരം സ്വാതന്ത്ര്യത്തിനുശേഷം, വളരെ കുറഞ്ഞുപോയിട്ടുണ്ടെന്നതിനു തെളിവാണു പെരുകിവരുന്ന സാമുദായികലഹളകൾ. ഈ പ്രശ്നം പല തലങ്ങളിൽ ഗൗരവത്തോടെ ചർച്ചചെയ്യപ്പെടേണ്ട ഒന്നാണ്.

(വസ്തുതകൾക്കാധാരം: ഒറീസ്സയിലെ ഒരു സീനിയർ പോലീസ് ഉദ്യോഗസ്ഥനായ ശങ്കർസേൻ ജൂൺ 15—ലെ 'സ്റ്റേററ്സ്മാൻ' പത്രത്തിലെഴുതിയ ലേഖനം.)

(24 ജൂൺ, 1986)